# ഖദറിൻെറ ഘടകങ്ങൾ

ഡോ: മുഹമ്മദ് മുസ്തഫ അൽജിബാലി

വിവ: മുഹമ്മദ് സിയാദ്

ഖദറിലുള്ള വിശ്വാസം എന്നാൽ അതിൽ നാല് ഘടകങ്ങൾ ഉൾകൊള്ളുന്നുണ്ട്.




1. (العلم): സൃഷ്ടിപ്പിന് മുമ്പ് തന്നെ സൃഷ്ടികളെ സംബന്ധിച്ച് സമ്പൂർണമായ അറിവ് അല്ലാഹുവിനുണ്ടായിരുന്നു.

2. (الكتابة): സൃഷ്ടിപ്പിന് മുമ്പ്, സംഭവിക്കാൻ പോകുന്നതെല്ലാം അല്ലാഹു രേഖപ്പെടുത്തി യിരുന്നു.

3. (المشيئة): സൃഷ്ടികളിൽ വല്ലതും സംഭവിക്കുന്നത് അല്ലാഹുവിന്റെ ഉദ്ദേശത്തിനനുസരിച്ച് മാത്രമാണ്.

4. (الخلق): പ്രപഞ്ചത്തിലുള്ളതഖിലവും അല്ലാഹു മാത്രമാണ് സൃഷ്ടിച്ചത്.

ഈ നാല് ഘടകങ്ങളും നാം വിശദമായി ചർച്ച ചെയ്യുകയാണ്.

## 1. അല്ലാഹുവിന്റെ സൂക്ഷ്മമായ അറിവ്(العلم)

കഴിഞ്ഞുപോയതും വരാൻ പോകുന്നതുമായ കാര്യങ്ങളെ കുറിച്ച് പൂർണമായ അറിവ് അല്ലാഹുവിനുണ്ട്. ഇപ്പോൾ നിലവിലില്ലാത്ത വസ്തുക്കൾ നിലവിൽ വന്നാൽ അവ എങ്ങനെയുണ്ടാകും എന്നത് പോലുള്ള സാങ്കൽപിക കാര്യങ്ങളെ കുറിച്ചുള്ള അറിവ് പോലും അവനുണ്ട്.

**സൃഷ്ടികളെക്കുറിച്ചുള്ള കൃത്യമായ അറിവ്**

അല്ലാഹുവാണ് ഈ ലോകത്തുള്ള സകല വസ്തുക്കളുടെയും സ്രഷ്ടാവ്. അവന്റെ സൃഷ്ടി അവന്റെ സമ്പൂർണ്ണവും സൂക്ഷ്മവുമായ ജ്ഞാനത്തിന്റെ വ്യക്തമായ സാക്ഷ്യമാണ്.

അല്ലാഹു ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും പർവ്വതങ്ങളെയും സമുദ്രങ്ങളെയും മൃഗങ്ങളെയും കീടങ്ങളെയും പരമാണുക്കളെയും ന്യൂക്ലിയസ്സുകളെയും എല്ലാം ഏറ്റവും അതിസങ്കീർണവും കുറ്റമറ്റതുമായ വ്യവസ്ഥയോടെ സൃഷ്ടിച്ചു. അല്ലാഹു പറയുന്നു:

﴿مَّا تَرَىٰ فِى خَلْقِ ٱلرَّحْمَٰنِ مِن تَفَٰوُتٍ﴾ الملك: ٣

''പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല.'' (സൂറ. മുൽക് 3)

അല്ലാഹു നമ്മെ ഏറ്റവും നല്ല ഘടനയോടെ രൂപപ്പെടുത്തുകയും ചെയ്തു. അവൻ പറയുന്നു:

﴿لَقَدْ خَلَقْنَا ٱلْإِنسَٰنَ فِىٓ أَحْسَنِ تَقْوِيمٍ ﴿٤﴾﴾ التين: ٤

''തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു.'' (സൂറ. തീൻ 4)

മൃഗങ്ങൾക്കും കീടങ്ങൾക്കും പരിമിതമായ അറിവ് മാത്രമാണുള്ളത്. മനുഷ്യർക്ക് അവയേക്കാൾ കൂടുതൽ അറിവുണ്ട്. അവരിൽ തന്നെയുള്ള ചിലർ ശരാശരി മനുഷ്യനുള്ളതിനേക്കാൾ വിപുലമായ അറിവുകൊണ്ട് അനുഗ്രഹിക്കപ്പെട്ടവരാണ്. സൃഷ്ടികൾക്കിടയിലുള്ള അറിവുകളെല്ലാം അല്ലാഹു നൽകിയതാണ്. അവയാകട്ടെ, അവന്റെ ജ്ഞാനവുമായി തുലനം ചെയ്യാൻപോലും പര്യാപ്തമല്ല. അല്ലാഹു പറയുന്നു:

﴿أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ﴿١٤﴾﴾ الملك: ١٤

''സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു.'' (സൂറ. മുൽക് 14)

മനുഷ്യരെയും ആകാശഭൂമികളെയും സൃഷ്ടിക്കുന്നതിന് മുമ്പ് തന്റെ സൃഷ്ടികൾക്ക് സംഭവിക്കാൻ പോകുന്നതിനെക്കുറിച്ച് അല്ലാഹുവിന് വിശദമായി അറിയുമായിരുന്നു. അതുകൊണ്ടുതന്നെ സൃഷ്ടികളുടെ ഗുണങ്ങളും കർമങ്ങളും അവന്റെ മുൻകൂട്ടിയുള്ള അറിവുമായി യോജിച്ചുവരുന്നു. അല്ലാഹു പറയുന്നു:

﴿لِتَعْلَمُوٓا۟ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًا ﴿١٢﴾﴾ الطلاق: ١٢

''അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏത് വസ്തുവെയും ചൂഴ്ന്നു അറിയുന്നവനാകുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി (അല്ലാഹുവിന്റെ കൽപന നിങ്ങൾക്കിറങ്ങുന്നു)'' (സൂറ ത്വലാഖ് 12)

അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അറിവിൽ നിന്നും ഒരു വസ്തുവും ഒഴിഞ്ഞുപോയിട്ടില്ല. ചെറുതും വലുതും മറഞ്ഞതും തെളിഞ്ഞതുമായ സകലതും അതുൾക്കൊള്ളുന്നുണ്ട്. അവൻ പറയുന്നു.

﴿ ۞ وَعِندَهُۥ مَفَاتِحُ ٱلْغَيْبِ لَا يَعْلَمُهَآ إِلَّا هُوَ ۚ وَيَعْلَمُ مَا فِى ٱلْبَرِّ وَٱلْبَحْرِ ۚ وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا وَلَا حَبَّةٍ فِى ظُلُمَٰتِ ٱلْأَرْضِ وَلَا رَطْبٍ وَلَا يَابِسٍ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٥٩﴾ ﴾ الأنعام: ٥٩

''അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല.'' (സൂറ. അൻആം 59)

എല്ലാ സൃഷ്ടികളുടെയും മുഴുവൻ അവസ്ഥ, ആയുസ്സ്, ഉപജീവനം തുടങ്ങിയ കാര്യങ്ങൾ, മനുഷ്യരുടെ സൽക്കർമ്മങ്ങൾ, ദുഷ്കർമ്മങ്ങൾ, വിചാരങ്ങൾ ചെയ്തികൾ അവരുടെ വിജയപരാജയങ്ങളുടെ അവസ്ഥകൾ, അതുപോലെയുള്ള മറ്റുകാര്യങ്ങൾ എന്നിവയും അല്ലാഹുവിന്റെ  എന്നിവയും പൂർവജ്ഞാനത്തിൽ ഉൾപ്പെടുന്നതാണ്. ആരൊക്കെ സ്വർഗത്തിൽ പ്രവേശിക്കുമെന്നും ആരൊക്കെ നരകത്തിൽ ആപതിക്കുമെന്നും അല്ലാഹുവിന് കൃത്യമായി അറിയാം. അല്ലാഹു പറയുന്നു:

﴿ هُوَ أَعْلَمُ بِكُمْ إِذْ أَنشَأَكُم مِّنَ ٱلْأَرْضِ وَإِذْ أَنتُمْ أَجِنَّةٌ فِى بُطُونِ أُمَّهَٰتِكُمْ ۖ فَلَا تُزَكُّوٓا۟ أَنفُسَكُمْ ۖ هُوَ أَعْلَمُ بِمَنِ ٱتَّقَىٰٓ ﴿٣٢﴾ ﴾

النجم: ٣٢

''നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയ സന്ദർഭത്തിലും നിങ്ങൾ നിങ്ങളുടെ ഉമ്മമാരുടെ വയറുകളിൽ ഗർഭസ്ഥ ശിശുക്കളായിരിക്കുന്ന സന്ദർഭത്തിലും അവനാകുന്നു നിങ്ങളെപ്പറ്റി കൂടുതൽ അറിവുള്ളവൻ. അതിനാൽ നിങ്ങൾ ആത്മപ്രശംസ നടത്താതിരിക്കുക. അവനാകുന്നു സൂക്ഷ്മത പാലിച്ചവരെപ്പറ്റി നന്നായി അറിയുന്നവൻ.'' (സൂറ. നജ്മ് 32)

**ഗൈബിയ്യായ അറിവ്**

അല്ലാഹുവിങ്കൽ ഗൈബിയ്യായ ലോകത്തെ കുറിച്ചുള്ള മുഴുവൻ അറിവുമുണ്ട്. അതായത്, മനുഷ്യകഴിവുകൾക്കും ധാരണകൾക്കും അപ്പുറത്തുള്ള എല്ലാം. അല്ലാഹു പറയുന്നു.

﴿ ۞ وَعِندَهُۥ مَفَاتِحُ ٱلْغَيْبِ ﴾ الأنعام: ٥٩

''അവന്റെ പക്കലാകുന്നു ഗൈബിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയുമില്ല.'' (സൂറ. അൻആം 59)

നമ്മുടെ ഇന്ദ്രിയശേഷി കൊണ്ടും കഴിവുകൾകൊണ്ടും ഭാഗികമായി ഗ്രഹിക്കാൻ കഴിയുന്ന കാര്യങ്ങളായാലും പൂർണമായും നമ്മുടെ ഗ്രാഹ്യശേഷിക്ക് പുറത്തുള്ള കാര്യങ്ങളായാലും  അവയെ കുറിച്ചുള്ള സമ്പൂർണവും സൂക്ഷ്മവും വിശാലവുമായ ജ്ഞാനം അല്ലാഹുവിന്  മാത്രമാണ്. അല്ലാഹു പറയുന്നു.

﴿ هُوَ ٱللَّهُ ٱلَّذِى لَآ إِلَٰهَ إِلَّا هُوَ ۖ عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِ ۖ هُوَ ٱلرَّحْمَٰنُ ٱلرَّحِيمُ ﴿٢٢﴾ ﴾ الحشر: ٢٢

‘‘താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു.’’ (സൂറ ഹശ്ർ 22)

**സാങ്കൽപികലോകത്തെ കുറിച്ചുള്ള അറിവ്**

നാം ഒരു കളിപ്പാട്ടമോ മറ്റെന്തെങ്കിലും ഒരുപകരണമോ ഉണ്ടാക്കുകയാണെങ്കിൽ, അത് ആസൂത്രണം ചെയ്യുകയും അതിന്റെ പ്രവർത്തന രീതിയെ കുറിച്ച് പ്രവചിക്കാൻ ശ്രമിക്കുകയും ചെയ്യും. പലപ്പോഴും നമ്മുടെ പ്രവചനം യാഥാർത്ഥ്യത്തിൽ നിന്നും അകന്നുപോകാറുണ്ട്. അപ്പോൾ നാം ഉണ്ടാക്കിയതിൽ ഭേദഗതി വരുത്താൻ നിർബന്ധിതനാകും. അല്ലാഹുവിനെ സംബന്ധിച്ചടത്തോളം അങ്ങനെയില്ല!

നിലവിലില്ലാത്ത ഒരു വസ്തു, താൻ സൃഷ്ടിക്കുകയാണെങ്കിൽ, അതെങ്ങനെയുണ്ടാകുമെന്നതിനെ കുറിച്ച് അല്ലാഹുവിന് കൃത്യമായി അറിയാം.

ഉദാഹരണത്തിന്, രണ്ടാമതൊരവസരം കൂടി ഈ ജീവിതത്തിൽ നൽകുകയാണെങ്കിൽ നല്ലത് പ്രവർത്തിക്കുമെന്ന് അവിശ്വാസികൾ പരലോകത്ത് വെച്ച് വാദിക്കും. എന്നാൽ, അവർ കള്ളം പറയുകയാണെന്നും അവരെ ഈ ജീവിതത്തിലേക്ക് തന്നെ തിരിച്ചയക്കുകയാണെങ്കിൽ അവർ തങ്ങളുടെ അവിശ്വാസത്തിലേക്കും ദുഷ്ടതയിലേക്കും മടങ്ങുമെന്നും അല്ലാഹുവിന്നറിയാം. അല്ലാഹു പറയുന്നു:

﴿ بَلْ بَدَا لَهُم مَّا كَانُوا۟ يُخْفُونَ مِن قَبْلُ ۖ وَلَوْ رُدُّوا۟ لَعَادُوا۟ لِمَا نُهُوا۟ عَنْهُ وَإِنَّهُمْ لَكَـٰذِبُونَ ﴿٢٨﴾ ﴾ الأنعام: ٢٨

‘‘അല്ല; അവർ മുമ്പ് മറച്ചുവെച്ചുകൊണ്ടിരുന്നത് (ഇപ്പോൾ) അവർക്ക് വെളിപ്പെട്ടിരിക്കുന്നു. തിരിച്ചയക്കപ്പെട്ടാൽ തന്നെയും അവർ എന്തിൽ നിന്നൊക്കെ വിലക്കപ്പെട്ടുവോ അതിലേക്ക് തന്നെ അവർ മടങ്ങിപ്പോകുന്നതാണ്. തീർച്ചയായും അവർ കള്ളം പറയുന്നവരാകുന്നു.’’ (സൂറ. അൻആം 28)

മറ്റൊരുദാഹരണം: മാർഗദർശനം കേട്ടുകഴിഞ്ഞാൽ അവിശ്വാസികളിൽ നിന്നുണ്ടാകാൻ സാധ്യതയുള്ള പ്രതികരണവും അല്ലാഹുവിന്നറിയാം.

﴿ وَلَوْ عَلِمَ ٱللَّهُ فِيهِمْ خَيْرًا لَّأَسْمَعَهُمْ ۖ وَلَوْ أَسْمَعَهُمْ لَتَوَلَّوا۟ وَّهُم مُّعْرِضُونَ ﴿٢٣﴾ ﴾ الأنفال: ٢٣

‘‘അവരിൽ വല്ല നന്മയുമുള്ളതായി അല്ലാഹു അറിഞ്ഞിരുന്നുവെങ്കിൽ അവരെ അവൻ കേൾപ്പിക്കുക തന്നെ ചെയ്യുമായിരുന്നു. അവരെ അവൻ കേൾപിച്ചിരുന്നെങ്കിൽ തന്നെ അവർ അവഗണിച്ചുകൊണ്ട് തിരിഞ്ഞു കളയുമായിരുന്നു’’ (സൂറ. അൻഫാൽ 23)

## 2. അല്ലാഹുവിന്റെ പരിപൂർണ്ണ രേഖ(الكتابة)

വിധിവിശ്വാസത്തിലെ രണ്ടാമത്തെ അനിവാര്യ ഘടകം, അന്ത്യനാൾ വരെ സംഭവിക്കാനിരിക്കുന്ന എല്ലാ കാര്യങ്ങളും لوح المحفوظ-ൽ(സംരക്ഷിതഫലകം) അല്ലാഹു രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വിശ്വസിക്കലാണ്.

**സംരക്ഷിത ഫലകം (لوح المحفوظ)**

ആകാശങ്ങളിലുള്ള വിജ്ഞാനത്തിന്റെ മഹത്തായ ഒരു രേഖയാണ് لوح المحفوظ (സംരക്ഷിതഫലകം). പ്രപഞ്ചത്തിൽ നടക്കാനിരിക്കുന്ന എല്ലാ കാര്യങ്ങളും, അതോടൊപ്പം തന്റെ പ്രവാചകന്മാർക്ക് അവതരിപ്പിക്കാനിരിക്കുന്ന എല്ലാ വേദഗ്രന്ഥങ്ങളും അല്ലാഹു അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

لوح المحفوظ എന്നത് വെള്ളികൊണ്ടോ, സ്വർണ്ണംകൊണ്ടോ, ആഭരണങ്ങൾ കൊണ്ടോ, മറ്റു വല്ല വിലപിടിപ്പുള്ള വസ്തുകൊണ്ടോ നിർമ്മിച്ചതാണോ? ഇത്തരം ചോദ്യങ്ങൾക്ക് മറുപടി പറയാൻ നമുക്ക് അവകാശമില്ല. കാരണം പ്രാമാണിക ഗ്രന്ഥങ്ങളിലൂടെ അതിനെക്കുറിച്ചുള്ള അറിവ് നമുക്ക് നൽകപ്പെട്ടിട്ടില്ല.

'لـوح' എന്നാൽ ഫലകം എന്നും, 'محفـوظ' എന്നാൽ സംരക്ഷിക്കപ്പെട്ടത് എന്നുമാണർത്ഥം. അതിനാൽ 'لوح المحفوظ' എന്നാൽ അല്ലാഹുവിങ്കൽ ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു ഫലകം. ഖുർആനിൽ വിവിധ പേരുകളിലായി അതിനെ സൂചിപ്പിക്കുന്നുണ്ട്.

**1. اللوح المحفوظ (സംരക്ഷിത ഫലകം)**

﴿ بَلْ هُوَ قُرْءَانٌ مَّجِيدٌ ﴿٢١﴾ فِى لَوْحٍ مَّحْفُوظٍۭ ﴿٢٢﴾ ﴾ البروج: ٢١ - ٢٢

''അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്.'' (സൂറ. ബുറൂജ് 21–22)

**2. الكتاب (ഗ്രന്ഥം അഥവാ രേഖ)**

﴿ أَلَمْ تَعْلَمْ أَنَّ ٱللَّهَ يَعْلَمُ مَا فِى ٱلسَّمَآءِ وَٱلْأَرْضِ ۗ إِنَّ ذَٰلِكَ فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٧٠﴾ ﴾ الحج: ٧٠

''ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞ്കൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ.'' (സൂറ അൽഹജ്ജ് (22:70)

**3. امام مبين (വ്യക്തമായ രേഖ).**

﴿ وَنَكْتُبُ مَا قَدَّمُوا۟ وَءَاثَٰرَهُمْ ۚ وَكُلَّ شَىْءٍ أَحْصَيْنَٰهُ فِىٓ إِمَامٍ مُّبِينٍ ﴿١٢﴾ ﴾ يس: ١٢

''അവർ ചെയ്തുവെച്ചതും അവരുടെ (പ്രവർത്തനങ്ങളുടെ) അനന്തര ഫലങ്ങളും നാം എഴുതിവെക്കുകയും ചെയ്യുന്നു. എല്ലാ കാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തിവെച്ചിരിക്കുന്നു.'' (സൂറ. യാസീൻ 12)

**4. كتاب مسطور (എഴുതപ്പെട്ട ഗ്രന്ഥം അല്ലെങ്കിൽ രേഖ).**

﴿ وَٱلطُّورِ ﴿١﴾ وَكِتَٰبٍ مَّسْطُورٍ ﴿٢﴾ فِى رَقٍّ مَّنشُورٍ ﴿٣﴾ ﴾ الطور: ١ - ٣

''ത്വൂർ പർവ്വതം തന്നെയാണ്, സത്യം. എഴുതപ്പെട്ട ഗ്രന്ഥം തന്നെയാണ്, സത്യം. നിവർത്തിവെച്ച തുകലിൽ.'' (സൂറ ത്വൂർ 1–3)

**5. امّ الكتاب (മൂലഗ്രന്ഥം)**

﴿ وَإِنَّهُۥ فِىٓ أُمِّ ٱلْكِتَٰبِ لَدَيْنَا لَعَلِىٌّ حَكِيمٌ ﴾ الزخرف: ٤

''തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ (സൂക്ഷിക്കപ്പെട്ടതത്രെ.) അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു.'' (സൂറ സുഖ്റുഫ് 4)

**6. الذّكر (ഉൽബോധനം)**

﴿ وَلَقَدْ كَتَبْنَا فِى ٱلزَّبُورِ مِنۢ بَعْدِ ٱلذِّكْرِ أَنَّ ٱلْأَرْضَ يَرِثُهَا عِبَادِىَ ٱلصَّٰلِحُونَ ﴾ الأنبياء: ١٠٥

''ഭൂമിയുടെ അനന്തരാവകാശമെടുക്കുന്നത് എന്റെ സദ്‌വൃത്തരായ ദാസന്മാരായിരിക്കും എന്ന് ഉൽബോധനത്തിന് ശേഷം നാം സബൂറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.'' (സൂറ. അൽഅമ്പിയാഅ് 21:105)

ഇനിയുള്ള ഭാഗങ്ങളിൽ 'لوح المحفوظ'നെ സൂചിപ്പിക്കാൻ 'സംരക്ഷിത ഫലകം' എന്നാണ് നാം ഉപയോഗിക്കുക.

## 'اَلْقَلَم'(പേന)ന്റെ സൃഷ്ടിപ്പ്

അല്ലാഹു അവന്റെ ജ്ഞാനം കൊണ്ട് അവന്റെ സൃഷ്ടികളുടെ അളവുകൾ നിശ്ചയിച്ചു. അവരുടെ അവസ്ഥാവിശേഷങ്ങളും അവരുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളും, താനുദ്ദേശിച്ചതായ മറ്റു സംഗതികളും അല്ലാഹു സംരക്ഷിത ഫലകത്തിൽ രേഖപ്പെടുത്തി.

ആദ്യം അവൻ قَلَم-നെ(പേനയെ) സൃഷ്ടിച്ചു. അതിനെ അവൻ തന്റെ വലങ്കൈ കൊണ്ട് പിടിച്ചു. ശേഷം എല്ലാ കാര്യങ്ങളും രേഖപ്പെടുത്താൻ അതിനോട് കല്പിക്കുകയും ചെയ്തു.

ഉബാദ ഇബ്നു സ്വാമിത്(ﷺ) നബി(ﷺ)യിൽ നിന്നും ഇപ്രകാരം കേട്ടതായി നിവേദനം:

إِنَّ أَوَّلَ مَا خَلَقَ اللَّهُ الْقَلَمَ فَقَالَ اكْتُبْ. فَقَالَ مَا أَكْتُبُ قَالَ اكْتُبِ الْقَدَرَ مَا كَانَ وَمَا هُوَ كَائِنٌ إِلَى الأَبَدِ

''നിശ്ചയം, അല്ലാഹു ആദ്യം സൃഷ്ടിച്ചത് പേനയെയാണ്. അവൻ അതിനോട് കൽപിച്ചു: ''എഴുതുക'' പേന ചോദിച്ചു. ''ഞാൻ എന്താണ് എഴുതേണ്ടത്? അല്ലാഹു പറഞ്ഞു: ഖദർ എഴുതുക (ഇതുവരെ) സംഭവിച്ചതും അനന്തമായി ഇനി സംഭവിക്കാനുള്ളതുമായ എല്ലാം.[1]

---

[1] അഹ്മദ്, തിർമിദി. അൽബാനി അത് സ്വഹീഹാണെന്ന് വിധിച്ചു (അൽ മിശ്കാത്ത് 91) ഇതേ രൂപത്തിലുള്ള ഹദീഥ് ബൈഹകിയും മറ്റും ഇബ്നു അബ്ബാസിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്. അൽബാനി അത് സ്വഹീഹാണെന്ന് വിധിക്കുകയും ചെയ്തു. (അസ്സ്വഹീഹ 133, അസ്സുന്ന 108)

إِنَّ أَوَّلَ شَيْءٍ خَلَقَهُ اللَّهُ عَزَّ وَجَلَّ الْقَلَمُ : وَأَخَذَهُ بِيَمِينِهِ وَكِلْتَا يَدَيْهِ يَمِينٌ " قَالَ : " فَكَتَبَ الدُّنْيَا وَمَا يَكُونُ فِيهَا مِنْ عَمَلٍ مَعْمُولٍ ، بِرٍّ أَوْ فُجُورٍ ، رَطْبٍ أَوْ يَابِسٍ ، فَأَحْصَاهُ عِنْدَهُ فِي الذِّكْرِ " ، ثُمَّ قَالَ : " اقْرَؤُوا إِنْ شِئْتُمْ ﴿ هَٰذَا كِتَٰبُنَا يَنطِقُ عَلَيۡكُم بِٱلۡحَقِّۚ إِنَّا كُنَّا نَسۡتَنسِخُ مَا كُنتُمۡ تَعۡمَلُونَ ﴿٢٩﴾ ﴾ (الجاثية: ٢٩) فَهَلْ تَكُونُ النُّسْخَةُ إِلا مِنْ أَمْرٍ قَدْ فُرِغَ مِنْهُ

‘‘നിശ്ചയം അല്ലാഹു ആദ്യം സൃഷ്ടിച്ചത് പേനയെയാണ്. അവന്‍ അത് തന്റെ വലത് കൈയില്‍ - അവന്റെ ഇരു കരങ്ങളും വലതുകരങ്ങളാണ് - പിടിച്ചുകൊണ്ട് ഐഹിക ജീവിതവും അതില്‍ ചെയ്യാനിരിക്കുന്ന കര്‍മങ്ങളും രേഖപ്പെടുത്തിവെച്ചു- പുണ്യവും പാപവും ഈര്‍പ്പമുള്ളതും (അതായത് ജീവനുള്ളതും) വരണ്ടതും (ജീവനില്ലാത്തതും) ആയ എല്ലാ കാര്യങ്ങളും. അവന്‍ അതെല്ലാം തന്റെയടുക്കല്‍ ‘ദിക്റി’ല്‍ രേഖപ്പെടുത്തിവെച്ചു. നീ ഉദ്ദേശിക്കുന്നെങ്കില്‍ വായിക്കുക: ‘‘ഇതാ നമ്മുടെ രേഖ. നിങ്ങള്‍ക്കെതിരായി അത് സത്യം തുറന്നു പറയുന്നതാണ്. തീര്‍ച്ചയായും നിങ്ങള്‍ പ്രവര്‍ത്തിച്ചുകൊണ്ടിരുന്നതെല്ലാം നാം എഴുതിക്കുന്നുണ്ടായിരുന്നു.’’ (സൂറ ജാഥിയ 29). അപ്പോള്‍, പൂര്‍ത്തിയായിക്കഴിഞ്ഞ ഒന്നില്‍ നിന്നല്ലാതെ പകര്‍ത്തിയെഴുത്തിന് സാധിക്കുമോ?[2]

അബ്ദുല്ലാഹിബ്നു അംറ്(ﷺ) നിവേദനം. നബി(ﷺ) പറഞ്ഞു:

كَتَبَ اللَّهُ مَقَادِيرَ الْخَلَائِقِ قَبْلَ أَنْ يَخْلُقَ السَّمَوَاتِ وَالأَرْضَ بِخَمْسِينَ أَلْفَ سَنَةٍ - قَالَ - وَعَرْشُهُ عَلَى الْمَاءِ

‘‘ആകാശഭൂമികള്‍ സൃഷ്ടിക്കുന്നതിന്റെ അമ്പതിനായിരം വര്‍ഷങ്ങള്‍ക്ക് മുമ്പ് അല്ലാഹു മുഴുവന്‍ സൃഷ്ടികളുടെയും വ്യവസ്ഥകള്‍ രേഖപ്പെടുത്തി. അവന്റെ സിംഹാ സനം വെള്ളത്തിന് മുകളിലാണ്.’’[3]

لوح المحفوظ -ല്‍ കാര്യങ്ങള്‍ രേഖപ്പെടുത്തുന്നതിന് മുമ്പ് തന്നെ അല്ലാഹു സിംഹാസനം സൃഷ്ടിച്ചിട്ടുണ്ടെന്ന് ഈ ഹദീഥ് സൂചിപ്പിക്കുന്നു. എന്നാല്‍ പേനയേക്കാള്‍ മുമ്പ് സിംഹാസ നത്തെ സൃഷ്ടിച്ചു എന്ന് ഇതിന് അര്‍ത്ഥമില്ല.

പ്രത്യുത, പേനയാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത് എന്നും രേഖപ്പെടുത്തുന്ന സമയത്ത് ഭാവികാര്യങ്ങളും സംഭവിച്ചുകഴിഞ്ഞ ചില കാര്യങ്ങളും ആ പേന എഴുതിവെച്ചിട്ടുണ്ടെന്നും മുകളില്‍ സൂചിപ്പിച്ച ഉബാദ(ﷺ)യുടെ ഹദീഥില്‍ നിന്നും വ്യക്തമാകുന്നു. ഈ ഹദീഥുക ളില്‍ നിന്നെല്ലാം മനസ്സിലാകുന്നത് അല്ലാഹു ആദ്യം പേന സൃഷ്ടിച്ചു; ശേഷം സിംഹാ സനം, വെള്ളം, സംരക്ഷിതഫലകം, പിന്നെ ഒരു പക്ഷേ മറ്റു കാര്യങ്ങളും സൃഷ്ടിച്ചിരിക്കാം. അതിന് ശേഷം പേന ഉപയോഗിച്ച് ഫലകത്തില്‍ ഖദര്‍ രേഖപ്പെടുത്തിവെച്ചു.[4] (കൂടുതല്‍ അറിയുന്നവന്‍ അല്ലാഹുവാണ്.)

---

[2] ആജ്ജൂര്‍രി (അശ്ശരീഅയില്‍) രേഖപ്പെടുത്തിയത്. സ്വഹീഹാണെന്ന് അല്‍ബാനി സ്ഥിരപ്പെടുത്തി. (അസ്സ്വഹീഹ. 3136)

[3] മുസ്‌ലിം, തിര്‍മിദി

[4] പേനയാണോ ആദ്യം സൃഷ്ടിച്ചത് അതല്ല അതിനു മുമ്പ് അര്‍ശ് സൃഷ്ടിച്ചിരുന്നോ എന്ന വിഷയം പണ്ഡിതന്മാര്‍ക്കിടയില്‍ തര്‍ക്കമുള്ള ഒന്നാണ് എന്ന് ഇബ്നുഖയ്യിം അല്‍ജൗസിയ്യ(ﷺ) അദ്ദേഹത്തിന്റെ നൂനിയ്യയില്‍ പറയുന്നുണ്ട്. ശൈഖുല്‍ ഇസ്‌ലാം ഇബ്നു തൈമിയ്യ, ഇബ്നുഖയ്യിം അല്‍ജൗസിയ്യ, ശൈഖ് മുഹമ്മദ് ബിന്‍ സ്വാലിഹ് അല്‍ഉഥൈമീന്‍, ശൈഖ് സ്വാലിഹ് ആലുശൈഖ്(ﷺ) എന്നീ പണ്ഡിതര്‍ അല്ലാഹു തന്റെ അര്‍ശിനെ പേനയെ സൃഷ്ടിക്കും മുമ്പ് സൃഷ്ടിച്ചിരുന്നു എന്ന പക്ഷക്കാരാണ്. ഇവരുടെ വിശദീകരണത്തില്‍ ഈ ഹദീസുകളുടെ അര്‍ഥം ‘അല്ലാഹു ആദ്യമായി പേനയെ സൃഷ്ടിച്ചപ്പോള്‍....’ എന്ന നിലക്കാണ്. ശൈഖ് മുഹമ്മദ് ഖലീല്‍ ഹറാസ്, ശൈഖ് അല്‍ബാനി(ﷺ) എന്നീ പണ്ഡിതര്‍ പേനയാണ് അല്ലാഹു ആദ്യം സൃഷ്ടിച്ചത് എന്ന പക്ഷക്കാരാണ്. മുകളില്‍ കൊടുത്തത് ശൈഖ് അല്‍ബാനിയുടെ ആദ്യത്തെ അഭിപ്രായമാണ്. കൂടാതെ ഇബ്നു തൈമിയ്യ(ﷺ)യുടെ

പ്രപഞ്ചത്തിൽ നടക്കുന്ന മുഴുവൻ കാര്യങ്ങളും ഫലകത്തിൽ രേഖപ്പെടുത്തപ്പെട്ടതനുസരിച്ചാണ് സംഭവിക്കുന്നത്. അല്ലാഹു പറയുന്നു:

﴿ مَآ أَصَابَ مِن مُّصِيبَةٍ فِى ٱلْأَرْضِ وَلَا فِىٓ أَنفُسِكُمْ إِلَّا فِى كِتَٰبٍ مِّن قَبْلِ أَن نَّبْرَأَهَآ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿٢٢﴾ ﴾

الحديد: ٢٢

ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു. (സൂറ. അൽ ഹദീദ് 22)

## സമ്പൂർണവും നിശ്ചിതവുമായ രേഖകൾ

സംരക്ഷിതഫലകം എല്ലാ വസ്തുക്കളുടേയും ഭാഗധേയം ഉൾക്കൊള്ളുന്നതാണെന്ന് നാം മുകളിൽ കണ്ടു. അത് അതിബൃഹത്തായ ഗ്രന്ഥശേഖരം പോലെയാണ്. അന്ത്യനാൾവരെയുള്ള സൃഷ്ടികൾക്കിടയിൽ സംഭവിക്കാനിരിക്കുന്ന മുഴുവൻ രചനകളും സംസാരങ്ങളും കർമങ്ങളും ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു ഗ്രന്ഥാലയം. അത് ഒരൊറ്റ രേഖ മാത്രമാണെങ്കിലും ആദ്യന്തമുള്ള ലോകത്തിലെ മുഴുവൻ ഗ്രന്ഥാലയങ്ങളെയും ഒരുമിച്ചു ചേർത്താലുള്ളതിനേക്കാൾ അനേകം മടങ്ങ് വലുതാണ്.

ഈ സമ്പൂർണ രേഖയിൽ നിന്നും സൃഷ്ടികളുമായി ബന്ധപ്പെട്ട അനേകം ചെറിയ രേഖകൾ ഉദയം ചെയ്യുന്നതാണ്. അവയുടെ വിവരങ്ങൾ സമ്പൂർണ രേഖയിൽ നിന്നും വരുന്നതാണ് താനും. സൂക്ഷ്മമായി, ഈ ജീവിതത്തിലെ അനുക്രമമായ സംഭവങ്ങളുമായി ബന്ധപ്പെട്ട മൂന്ന് തരം നിശ്ചിത രേഖകളുണ്ട്. തുടർന്ന് അതുസംബന്ധിച്ചാണ് വിശദീകരിക്കുന്നത്.

1. **ആയുഷ്കാല രേഖ:** മുഴുവൻ മനുഷ്യവർഗത്തിന്റെയും ജനനത്തിന് മുമ്പെ നിർണയിക്കപ്പെടുകയും അവന്റെ അല്ലെങ്കിൽ അവളുടെ വിശദമായ ഭാഗധേയം ഉൾകൊള്ളുകയും ചെയ്യുന്ന രേഖയാണത്.

മനുഷ്യനിലേക്ക് ആത്മാവ് ഊതപ്പെടുന്നതിന് മുമ്പ്, അവന്റെ രേഖകൾ സംരക്ഷിത ഫലകത്തിൽ നിന്നും മലക്കുകളുടെ പക്കലുള്ള മറ്റൊരു രേഖയിലേക്ക് പകർത്തിയെഴുതാൻ ഗർഭാശയങ്ങളുടെ മലക്കിനെ അല്ലാഹു നിയോഗിക്കും. ഇബ്നു മസ്ഊദ്(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

أَنَّ خَلْقَ أَحَدِكُمْ يُجْمَعُ فِي بَطْنِ أُمِّهِ أَرْبَعِينَ يَوْمًا أَوْ أَرْبَعِينَ لَيْلَةً ثُمَّ يَكُونُ عَلَقَةً مِثْلَهُ ثُمَّ يَكُونُ مُضْغَةً مِثْلَهُ ثُمَّ يُبْعَثُ إِلَيْهِ الْمَلَكُ (يَبْعَثُ اللهُ الْمَلَكَ) فَيُؤْذَنُ بِأَرْبَعِ كَلِمَاتٍ فَيَكْتُبُ رِزْقَهُ وَأَجَلَهُ وَعَمَلَهُ وَشَقِيٌّ أَمْ سَعِيدٌ ثُمَّ يَنْفُخُ فِيهِ الرُّوحَ فَإِنَّ أَحَدَكُمْ لَيَعْمَلُ بِعَمَلِ أَهْلِ الْجَنَّةِ حَتَّى لَا (مَا) يَكُونُ بَيْنَهَا وَبَيْنَهُ إِلَّا ذِرَاعٌ فَيَسْبِقُ عَلَيْهِ الْكِتَابُ فَيَعْمَلُ بِعَمَلِ

---

വാദത്തെ ശൈഖ് അൽബാനി(ﷺ) വിമർശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് ശൈഖ് അൽബാനി(ﷺ) ശൈഖുൽ ഇസ്ലാമിന്റെ വാദത്തെ അംഗീകരിക്കുകയും തന്റെ ശിഷ്യരെ അതറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ അറിയുന്നവൻ അല്ലാഹു മാത്രമാണ്. [salafivoice]

أَهْلِ النَّارِ فَيَدْخُلُ النَّارَ وَإِنَّ أَحَدَكُمْ لَيَعْمَلُ بِعَمَلِ أَهْلِ النَّارِ حَتَّى مَا يَكُونُ بَيْنَهَا وَبَيْنَهُ إِلَّا ذِرَاعٌ فَيَسْبِقُ عَلَيْهِ الْكِتَابُ فَيَعْمَلُ عَمَلَ أَهْلِ الْجَنَّةِ فَيَدْخُلُهَا

''നിങ്ങളിൽ ഓരോരുത്തരുടെയും സൃഷ്ടിപ്പ് സ്വന്തം മാതാവിന്റെ വയറ്റിൽ നാൽപത് ദിവസങ്ങൾ കൊണ്ട് കൂട്ടിയോജിപ്പിക്കപ്പെടുന്നു. ഇന്ദ്രിയത്തുള്ളിയും ഭ്രൂണമായും അനന്തരം അത്രതന്നെ മാംസപിണ്ഡമായും. തുടർന്ന് അല്ലാഹു ഒരു മലക്കിനെ നിയോഗിക്കും. നാല് കാര്യങ്ങൾ രേഖപ്പെടുത്താൻ കൽപിക്കപ്പെടും. അവന്റെ ഉപജീവനം, ആയുസ്സ്, കർമങ്ങൾ, അവൻ സൗഭാഗ്യവാനാണോ, അതല്ല ദൗർഭാഗ്യവാനാണോ എന്നുള്ളതും. ശേഷം അദ്ദേഹം അതിൽ ആത്മാവിനെ ഊതുകയും ചെയ്യും.

(നിശ്ചയം), നിങ്ങളിലൊരുവൻ (ബാഹ്യമായി) സ്വർഗക്കാരുടെ കർമങ്ങൾ ചെയ്തുകൊണ്ടേയിരിക്കും. അവന്റെയും അതിന്റെയുമിടയിൽ ഒരു മുഴം മാത്രം ബാക്കിയാകുന്നത് വരെ. ശേഷം അവന്റെ രേഖ അതിനെ മറികടക്കും. അതിനാൽ അവൻ നരകക്കാരുടെ കർമങ്ങൾ ചെയ്യുകയും അതിൽ പ്രവേശിക്കുകയും ചെയ്യും.''

നിശ്ചയം നിങ്ങളിലൊരുവൻ (ബാഹ്യമായി) നരകക്കാരുടെ കർമങ്ങൾ ചെയ്തുകൊണ്ടേയിരിക്കും. അതിന്റെയും അവന്റെയുമിടയിൽ ഒരു മുഴം മാത്രം ബാക്കിയാകുന്നത് വരെ. ശേഷം അവന്റെ രേഖ അതിനെ മറികടക്കും. അതിനാൽ, അവൻ സ്വർഗക്കാരുടെ കർമങ്ങൾ ചെയ്യുകയും അതിൽ പ്രവേശിക്കുകയും ചെയ്യും.'' [5]

ഒരു വ്യക്തിയുടെ രേഖയിൽ എഴുതപ്പെടുന്ന നാല് കാര്യങ്ങൾ ഈ ഹദീഥ് പരാമർശിക്കുന്നുണ്ട്. മറ്റൊരു റിപ്പോർട്ടിൽ, മനുഷ്യന്റെ ഭാവിജീവിതവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, ഇബ്നു ഉമറും(﵁), ഹുദൈഫ ഇബ്നു ഉസൈദ് അൽ അൻസാരി(﵁)യും നിവേദനം. നബി(ﷺ) പറഞ്ഞു:

قَالَ الْمَلَكُ : يَا رَبِّ ، أَذَكَرٌ أَمْ أُنْثَى ؟

''(ഗർഭാശയങ്ങളുടെ) മലക്ക് ചോദിക്കും. എന്റെ നാഥാ! ഇത് ആണാണോ പെണ്ണാണോ?...''[6]

കൂടാതെ, ഈ രേഖയിൽ എഴുതപ്പെട്ട കാര്യങ്ങൾ എഴുതപ്പെട്ട അതേ രൂപത്തിൽ സംഭവിക്കും. അത് ഒരിക്കലും മാറ്റാൻ സാധിക്കുകയില്ല. ഇബ്നു ഉമറി(﵁)ന്റെയും ഹുദൈഫ(﵁)യുടെയും ആ റിപ്പോർട്ടിൽ നബി(ﷺ) പറഞ്ഞു:

ثُمَّ تُطْوَى تِلْكَ الصَّحِيفَةُ فَلَا تُمَسُّ إِلَى يَوْمِ الْقِيَامَةِ

''പിന്നീട് ഈ രേഖ മടക്കിവെക്കും. അന്ത്യനാൾ വരെ ആരും അത് തൊടുകയില്ല.''

---

[5] ബുഖാരി(7454), മുസ്ലിം

[6] മുസ്ലിം, അഹ്മദ്. ഈ ഹദീഥിന്റെ വിവിധ റിപ്പോർട്ടുകൾ അസ്സുന്ന 177–187ൽ കാണാം

**2. വാർഷിക രേഖ:** ലൈലത്തുൽ ഖദറിൽ മലക്കുകൾ നിർവ്വഹിക്കുന്ന രേഖയാണിത്. അല്ലാഹു പറയുന്നു:

﴿ إِنَّآ أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ ﴿١﴾ وَمَآ أَدْرَىٰكَ مَا لَيْلَةُ ٱلْقَدْرِ ﴿٢﴾ لَيْلَةُ ٱلْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ ﴿٣﴾ تَنَزَّلُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ ﴿٤﴾ سَلَٰمٌ هِىَ حَتَّىٰ مَطْلَعِ ٱلْفَجْرِ ﴿٥﴾ ﴾ القدر: ١ - ٥

തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും(ജിബ്രീലും) അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ. (സൂറ. അൽഖദർ 1–5)

ഖുർആൻ മുഴുവൻ ലൈലത്തുൽ ഖദ്റിൽ[7] സംരക്ഷിത ഫലകത്തിൽ നിന്നും താഴോട്ട് ഇറക്കിയതാണെന്ന്[8] ഈ ആയത്തുകൾ സൂചിപ്പിക്കുന്നു. എല്ലാ വർഷവും ഇതേ രാത്രിയിൽ മലക്കുകൾ അല്ലാഹുവിന്റെ ഉത്തരവുകളുമായി താഴോട്ട് ഇറങ്ങിവരുമെന്നും അവ സൂചിപ്പിക്കുന്നു. അതേ രൂപത്തിൽ, അല്ലാഹു പറയുന്നു:

﴿ إِنَّآ أَنزَلْنَٰهُ فِى لَيْلَةٍ مُّبَٰرَكَةٍ ۚ إِنَّا كُنَّا مُنذِرِينَ ﴿٣﴾ فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ ﴿٤﴾ أَمْرًا مِّنْ عِندِنَآ ۚ إِنَّا كُنَّا مُرْسِلِينَ ﴿٥﴾ ﴾

الدخان: ٣ - ٥

‘‘തീർച്ചയായും നാം അതിനെ ഒരനുഗ്രഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു. ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു. അതെ, നമ്മുടെ പക്കൽ നിന്നുള്ള കൽപന.’’ (സൂറ. ദുഖാൻ 3–5)

അതിനാൽ, എല്ലാ വർഷവും ലൈലത്തുൽ ഖദ്റിൽ ആ വർഷത്തിലേക്കുള്ള അല്ലാഹുവിന്റെ കൽപനകളും ഉത്തരവുകളും മലക്കുകൾ താഴെകൊണ്ടുവരികയും അവർ കൈകാര്യം ചെയ്യുന്ന നിശ്ചിതരേഖകളിൽ രേഖപ്പെടുത്തിവെക്കുകയും ചെയ്യും.

**3. ദൈനംദിന രേഖകൾ:** ഈ രേഖയിൽ ഒരു പ്രത്യേക ദിവസത്തിലെ മുഴുവൻ കാര്യങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഉൾക്കൊള്ളുന്നു. ഇവയാകട്ടെ, സംരക്ഷിതഫലകത്തിലുള്ളതിനെ സസൂക്ഷ്മം പിന്തുടരുന്നതാണ്. അല്ലാഹു പറയുന്നു:

﴿ يَسْـَٔلُهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ كُلَّ يَوْمٍ هُوَ فِى شَأْنٍ ﴿٢٩﴾ ﴾ الرحمن: ٢٩

‘‘ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യനിർവ്വഹണത്തിലാകുന്നു.’’ (സൂറ. റഹ്മാൻ 29)

[7] എല്ലാ വർഷവും റമദാനിലെ അവസാനത്തെ പത്ത് രാവുകളിൽ ഒന്നിൽ വരുന്നതാണ് ലൈലത്തുൽ ഖദ്ർ.

[8] ഖുർആൻ പൂർണമായും ലൈലത്തുൽ ഖദ്റിന്റെ രാത്രികളിലൊന്നിൽ സംരക്ഷിത ഫലകത്തിൽ നിന്നും ഏറ്റവും താഴെയുള്ള ആകാശത്തിലേക്ക് ഇറക്കിയതാണ്. അതിന് ശേഷം, നബി(ﷺ)ക്ക് തന്റെ പ്രവാചകത്വ കാലയളവിൽ അൽപാൽപമായി അവതരിപ്പിച്ചു.

## 3. അല്ലാഹുവിന്റെ സ്ഥായിയായ ഉദ്ദേശം(المشيئة)

### അല്ലാഹു തന്റെ സൃഷ്ടികളിൽ എല്ലാം ഉദ്ദേശിക്കും

അല്ലാഹു ഉദ്ദേശിക്കുന്നത് സംഭവിക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കാത്തത് ഒരിക്കലും സംഭവിക്കുകയുമില്ല. അല്ലാഹു പറയുന്നു:

﴿إِنَّمَآ أَمۡرُهُۥٓ إِذَآ أَرَادَ شَيۡـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ۝٨٢﴾ يس: ٨٢

''താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു.'' (സൂറ യാസീൻ 82)

നിസ്സംശയം, അല്ലാഹു ഉദ്ദേശിക്കുന്നത് അവന്റെ കഴിവ് കൊണ്ട് നടപ്പിലാക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കാത്തത് നടപ്പിലാകുന്നതുമല്ല. അത് നടപ്പിലാകാത്തത് അല്ലാഹു നടപ്പിലാക്കാനുദ്ദേശിക്കാത്തത് കൊണ്ടാണ്. അല്ലാതെ അല്ലാഹുവിന്റെ എന്തെങ്കിലും കഴിവുകേടുകൊണ്ടല്ല.

### പ്രകൃതിപ്രതിഭാസങ്ങൾ അല്ലാഹു ഉദ്ദേശിക്കുന്നു

ഗ്രഹങ്ങളുടെ ഭ്രമണം, മേഘങ്ങൾ, മഴ, കൃഷി, ജീവജാലങ്ങൾ, മനുഷ്യന്റെ ശരീരഘടന, പ്രകൃതി ദുരന്തങ്ങൾ പോലെയുള്ള പ്രകൃതി പ്രതിഭാസങ്ങൾ പൂർണമായും അല്ലാഹുവിന്റെ ഉദ്ദേശത്തിന് വിധേയമാണ്. ഉദാഹരണത്തിന്, അല്ലാഹു പറയുന്നു:

﴿أَلَمۡ تَرَ إِلَىٰ رَبِّكَ كَيۡفَ مَدَّ ٱلظِّلَّ وَلَوۡ شَآءَ لَجَعَلَهُۥ سَاكِنًا﴾ الفرقان: ٤٥

''നിന്റെ രക്ഷിതാവിനെ സംബന്ധിച്ച് നീ ചിന്തിച്ചു നോക്കിയിട്ടില്ലേ? എങ്ങനെയാണ് അവൻ നിഴലിനെ നീട്ടിയത് എന്ന്. അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ അവൻ നിശ്ചലമാക്കുമായിരുന്നു.'' (സൂറ. ഫുർഖാൻ 45)

ആകാശഭൂമികളിലുള്ള സചേതനവും അചേതനവുമായ സകല ജീവജാലങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനും അല്ലാഹു മാത്രമാണ്.

### സാമൂഹ്യ പ്രതിഭാസങ്ങൾ അല്ലാഹു ഉദ്ദേശിക്കുന്നു

യുദ്ധവും സമാധാനവും സ്നേഹവും വെറുപ്പും ഐക്യവും അനൈക്യവും പോലെയുള്ള സാമൂഹ്യ പ്രതിഭാസങ്ങളും പൂർണമായും അല്ലാഹുവിന്റെ ഉദ്ദേശത്തിന് വിധേയമാണ്. ഉദാഹരണത്തിന്, അല്ലാഹു പറയുന്നു:

﴿وَلَوۡ شَآءَ ٱللَّهُ مَا ٱقۡتَتَلُواْ وَلَٰكِنَّ ٱللَّهَ يَفۡعَلُ مَا يُرِيدُ ۝٢٥٣﴾ البقرة: ٢٥٣

''അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. പക്ഷെ, അല്ലാഹു താനുദ്ദേശിക്കുന്നത് ചെയ്യുന്നു.'' (അൽബഖറ 253)

അല്ലാഹു പറയുന്നു:

﴿وَلَوۡ شَآءَ ٱللَّهُ لَجَعَلَكُمۡ أُمَّةً وَٰحِدَةً﴾ المائدة: ٤٨

‘‘അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു.’’ (സൂറ. മാഇദ 48)

**സന്മാർഗവും ദുർമാർഗവും അല്ലാഹു ഉദ്ദേശിക്കുന്നു**

സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും വിഷയത്തിൽ പോലും അല്ലാഹുവിന്റെ ഉദ്ദേശം നിലനിൽക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿ وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٢٩﴾ ﴾ التكوير: ٢٩

‘‘ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല.’’ (സൂറ. തക്‌വീർ 29)

നമ്മുടെ ഉദ്ദേശം അല്ലാഹുവിന്റെ ഉദ്ദേശത്താൽ വലയം ചെയ്യപ്പെട്ടതും അതിന് വിധേയവുമാണ് എന്ന് ഈ ആയത്ത് സൂചിപ്പിക്കുന്നു.

അല്ലാഹു പറയുന്നു:

﴿ ۞ وَلَوْ أَنَّنَا نَزَّلْنَآ إِلَيْهِمُ ٱلْمَلَٰٓئِكَةَ وَكَلَّمَهُمُ ٱلْمَوْتَىٰ وَحَشَرْنَا عَلَيْهِمْ كُلَّ شَىْءٍ قُبُلًا مَّا كَانُوا۟ لِيُؤْمِنُوٓا۟ إِلَّآ أَن يَشَآءَ ٱللَّهُ وَلَٰكِنَّ أَكْثَرَهُمْ يَجْهَلُونَ ﴿١١١﴾ ﴾ الأنعام: ١١١

‘‘നാം അവരിലേക്ക് മലക്കുകളെ ഇറക്കുകയും, മരിച്ചവർ അവരോട് സംസാരിക്കുകയും, സർവ്വവസ്തുക്കളെയും നാം അവരുടെ മുമ്പാകെ കൂട്ടം കൂട്ടമായി ശേഖരിക്കുകയും ചെയ്താലും അവർ വിശ്വസിക്കാൻ പോകുന്നില്ല. അല്ലാഹു ഉദ്ദേശിച്ചെങ്കിലല്ലാതെ. എന്നാൽ അവരിൽ അധികപേരും വിവരക്കേട് പറയുകയാകുന്നു.’’ (സൂറ. അൻആം 111)

അല്ലാഹു പറയുന്നു:

﴿ وَٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَا صُمٌّ وَبُكْمٌ فِى ٱلظُّلُمَٰتِ ۗ مَن يَشَإِ ٱللَّهُ يُضْلِلْهُ وَمَن يَشَأْ يَجْعَلْهُ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٣٩﴾ ﴾ الأنعام: ٣٩

നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവർ ബധിരരും ഊമകളും ഇരുട്ടുകളിൽ അകപ്പെട്ടവരുമത്രെ. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു വഴികേടിലാക്കും. താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുകയും ചെയ്യും. (അൻആം 39)

അല്ലാഹു പറയുന്നു:

﴿ وَلَوْ شَآءَ ٱللَّهُ مَآ أَشْرَكُوا۟ ۗ ﴾ الأنعام: ١٠٧

‘‘അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ പങ്കുചേർക്കുമായിരുന്നില്ല.’’ (അൻആം 107)

അല്ലാഹു പറയുന്നു:

﴿ وَلَوْ شَآءَ رَبُّكَ لَءَامَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا ۚ ﴾ يونس: ٩٩

‘‘നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു.’’ (യൂനുസ് 99)

അതിനാൽ, അനുസരണമായാലും ധിക്കാരമായാലും ഒരു വ്യക്തിയുടെ കർമങ്ങളെല്ലാം അല്ലാഹുവിന്റെ പൊതുവായ ഈ ഉദ്ദേശത്തിനനുസരിച്ചാണ് സംഭവിക്കുന്നത്.

ഇതിനർത്ഥം അല്ലാഹു അവനെ അനുസരിക്കാനോ ധിക്കരിക്കാനോ നിർബന്ധിക്കുന്നുവെന്നോ, നമുക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലെന്നോ അല്ല. നമ്മുടെ യുക്തിയും അനുഭവങ്ങളും മാത്രമല്ല, ഖുർആനിന്റെയും സുന്നത്തിന്റെയും മൂലവാക്യങ്ങളും അത്തരം ഒരു ധാരണയെ നിരാകരിക്കുന്നു. നമുക്ക് ഇഛാ സ്വാതന്ത്ര്യമില്ലായിരുന്നെങ്കിൽ, വിധിവിലക്കുകൾക്കും ദൂതന്മാരെ അയക്കുന്നതിലും മതപ്രബോധനം നടത്തുന്നതിലും യാതൊരർഥവും ഉണ്ടാകുമായിരുന്നില്ല. കൂടുതലായി ഇത് തുടർ ഭാഗങ്ങളിൽ നാം ചർച്ച ചെയ്യുന്നുണ്ട്.

## 4. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹുവാണ്(الخلق)

അല്ലാഹു എല്ലാ വസ്തുക്കളും സൃഷ്ടിച്ചു. അവനല്ലാതെ മറ്റൊരു സ്രഷ്ടാവില്ല. അല്ലാഹു പറയുന്നു:

﴿ ٱللَّهُ خَٰلِقُ كُلِّ شَيْءٍۖ وَهُوَ عَلَىٰ كُلِّ شَيْءٍ وَكِيلٌ ﴿٦٢﴾ ﴾ الزمر: ٦٢

‘‘അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു’’(സുമർ 62)

**വിശ്വപ്രപഞ്ചം**

അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും അവയിലുള്ളതിനെയും സൃഷ്ടിച്ചു. അല്ലാഹു പറയുന്നു:

﴿ ٱلْحَمْدُ لِلَّهِ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَجَعَلَ ٱلظُّلُمَٰتِ وَٱلنُّورَۖ ﴾ الأنعام: ١

‘‘ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതിയും ’’ (അൻആം 1)

അല്ലാഹു പറുയന്നു:

﴿ أَوَلَيْسَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِقَٰدِرٍ عَلَىٰٓ أَن يَخْلُقَ مِثْلَهُمۚ بَلَىٰ وَهُوَ ٱلْخَلَّٰقُ ٱلْعَلِيمُ ﴿٨١﴾ ﴾ يس: ٨١

‘‘ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവ്വവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും’’ (യാസീൻ 81)

അല്ലാഹു പറയുന്നു:

﴿ وَهُوَ ٱلَّذِى خَلَقَ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَۖ كُلٌّ فِى فَلَكٍ يَسْبَحُونَ ﴿٣٣﴾ ﴾ الأنبياء: ٣٣

‘‘അവനത്രെ രാത്രി, പകല്‍, സൂര്യന്‍, ചന്ദ്രന്‍ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ നീന്തി(സഞ്ചരിച്ചു)ക്കൊണ്ടിരിക്കുന്നു.’’ (അമ്പിയാഅ് 33)

**ജനങ്ങള്‍**

സ്രഷ്ടാവും സംരക്ഷകനും അല്ലാഹു മാത്രമാണ്. അവന്‍ നമ്മെയെല്ലാം ഒരു വ്യക്തിയില്‍ നിന്നുമാണ് സൃഷ്ടിച്ചത് ആദം(ﷺ)ല്‍ നിന്ന്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلنَّاسُ ٱتَّقُواْ رَبَّكُمُ ٱلَّذِى خَلَقَكُم مِّن نَّفْسٍ وَٰحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَآءً ﴾ النساء: ١

‘‘മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവില്‍ നിന്ന് സൃഷ്ടിക്കുകയും അതില്‍ നിന്നു തന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവര്‍ ഇരുവരില്‍ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങള്‍ സൂക്ഷിക്കുവിന്‍’’ (അന്നിസാഅ് 1)

**ജനങ്ങളുടെ യോഗ്യതകളും കര്‍മങ്ങളും**

നമ്മുടെ ശരീരങ്ങളെ മാത്രമല്ല, നമ്മുടെ കഴിവുകളേയും ശേഷികളെയും നമ്മുടെ ബുദ്ധിയെയും നാമുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും സൃഷ്ടിച്ചത് അല്ലാഹുവാണ്. അബ്ദുല്ലാഹിബ്നു ഉമര്‍(ﷺ) നിവേദനം. നബി(ﷺ) പറഞ്ഞു:

كُلُّ شَيْءٍ بِقَدَرٍ حَتَّى الْعَجْزُ وَالْكَيْسُ

‘‘എല്ലാ കാര്യങ്ങളും ഒരു ഖദര്‍(നിശ്ചയം) അനുസരിച്ചാണ് സംഭവിക്കുന്നത്. കഴിവുകേടും സാമര്‍ത്ഥ്യവും വരെ’’[9]

നാം പ്രവര്‍ത്തിക്കുന്ന നല്ലതും ചീത്തയുമായ മുഴുവന്‍ സംഗതികളേയും സൃഷ്ടിച്ചിട്ടുള്ളതും അല്ലാഹുവാണ്.

അല്ലാഹു പറയുന്നു:

﴿ وَٱللَّهُ خَلَقَكُمْ وَمَا تَعْمَلُونَ ﴿٩٦﴾ ﴾ الصافات: ٩٦

‘‘അല്ലാഹുവാണ് നിങ്ങളെയും നിങ്ങള്‍ നിര്‍മിക്കുന്നവയെയും സൃഷ്ടിച്ചത്’’ (അസ്സ്വാഫാത്ത് 96)

ഹുദൈഫ(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു:

إن الله خالق كل صانع وصنعته

‘‘നിശ്ചയമായും എല്ലാ ശില്പികളെയും അവന്‍ നിര്‍മിക്കുന്നതിനെയും സ്രഷ്ടിച്ചത് അല്ലാഹുവാകുന്നു’’.[10]

---

[9] ബുഖാരി, മുസ്‌ലിം

[10] ബുഖാരി (ഖല്‍ഖു അഫ് ആലില്‍ ഇബാദ്). ഇബ്നു അബീ ആസിം (അസ്സുന്ന). കൂടാതെ മറ്റുള്ളവരും. അല്‍ബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞു. (അസ്സ്വഹീഹ 1637, അസ്സുന്ന 357)

**ജനങ്ങളുടെ തലങ്ങളും വൈജാത്യങ്ങളും**

ദിനംപ്രതി അല്ലാഹു ഉത്തരവിറക്കുകയും എല്ലാ മനുഷ്യരുടെയും ആപേക്ഷികമായ പദവികളെ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അതിലൂടെ ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു. ഇതിനർത്ഥം, ജനങ്ങൾ അന്നേ ദിവസം തങ്ങളുടെ യോഗ്യതകൾക്കനുസരിച്ച് എങ്ങനെ വ്യത്യാസപ്പെടണം എന്ന് തീരുമാനിക്കുന്നത് അല്ലാഹു മാത്രമാണ് എന്നാണ്. ഉദാഹരണമായി ഏറ്റവും വലിയ സമ്പന്നൻ ആരാണ്, അതിന്നടുത്ത സമ്പന്നൻ, ഏറ്റവും ദരിദ്രൻ ആര്, തുടങ്ങിയവയെയും, ഏറ്റവും നല്ല ആരോഗ്യവാൻ ആര്, അതിനടുത്തവൻ ആര്, മുതലായവയെയും ഏറ്റവും നല്ല സുന്ദരനാര്, അതിനടുത്തവനാര്, എന്നിവയും, ഏറ്റവും വലിയ പണ്ഡിതൻ ആര്, അതിനടുത്തവനാര്, തുടങ്ങിയവയും അല്ലാഹു തന്നെയാണ് തീരുമാനിക്കുന്നത്.

അബൂഹുറയ്റ(﵁) നിവേദനം: നബി(ﷺ) പറഞ്ഞു:

يَدُ اللهِ مَلأَى لاَ تَغِيضُهَا نَفَقَةٌ سَحَّاءُ اللَّيْلَ وَالنَّهَارَ - وَقَالَ - أَرَأَيْتُمْ مَا أَنْفَقَ مُنْذُ خَلَقَ السَّمَاءَ وَالأَرْضَ فَإِنَّهُ لَمْ يَغِضْ مَا فِي يَدِهِ ، وَكَانَ عَرْشُهُ عَلَى الْمَاءِ وَبِيَدِهِ الْمِيزَانُ يَخْفِضُ وَيَرْفَعُ

''അല്ലാഹുവിന്റെ കൈ സമൃദ്ധമാണ്; ചെലവഴിക്കുന്നത് കൊണ്ട് അതൊരിക്കലും തീർന്നുപോവുകയില്ല. അവൻ രാവും പകലും ഉദാരശീലനാകുന്നു. എന്നിട്ടദ്ദേഹം പറഞ്ഞു: ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതു മുതൽ അവൻ ചെലവഴിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? അതൊന്നും അവന്റെ കൈയിലുള്ളതിനെ ചുരുക്കിക്കളഞ്ഞിട്ടില്ല. അവന്റെ അർശ് വെള്ളത്തിന്മേലായിരുന്നു. അവന്റെ കൈയിലാണ് (ഖദറിന്റെ) തുലാസ്സ്, (ചിലരെ) ഉയർത്തുകയും (മറ്റുചിലരെ) താഴ്ത്തുകയും ചെയ്യുന്നു.''[11]

അതേ രൂപത്തിൽ, അബൂമൂസൽ അശ്അരി(﵁) നിവേദനം: നബി(ﷺ) പറഞ്ഞു:

إِنَّ اللَّهَ لاَ يَنَامُ وَلاَ يَنْبَغِى لَهُ أَنْ يَنَامَ يَرْفَعُ الْقِسْطَ وَيَخْفِضُهُ وَيُرْفَعُ إِلَيْهِ عَمَلُ النَّهَارِ بِاللَّيْلِ وَعَمَلُ اللَّيْلِ بِالنَّهَارِ

''നിശ്ചയം, അല്ലാഹു ഉറങ്ങാറില്ല; അത് അവന് യോജിച്ചതുമല്ല. അവൻ നീതി (കൊണ്ട് ചിലരെ) ഉയർത്തുകയും (മറ്റുചിലരെ) താഴ്ത്തുകയും ചെയ്യും. പകലിലെ കർമങ്ങൾ രാത്രിയിലും രാത്രിയിലെ കർമങ്ങൾ പകലിലും അവനിലേക്ക് ഉയർത്തപ്പെടുന്നു.''[12]

തുടരും... ان شاء الله

[11] ബുഖാരി, മുസ്ലിം. പരിഭാഷയിലെ ആശയങ്ങൾ ഫത്ഹുൽബാരിയിൽ 7411 നിന്നും ലഭിച്ചതാണ്)

[12] മുസ്ലിം(465)